

സന്ധ്യ തെങ്ങുകയറ്റ പരിശീലനത്തിൽ.

# വനിതാമുന്നേറ്റം ആകാശത്തോളം; സന്ധ്യ

## തെങ്ങുകയറ്റവും പഠിച്ചു

പാറശാല● യന്ത്രം ഉപയോഗിച്ചുള്ള സൗജന്യ തെങ്ങുകയറ്റ പരിശീലനത്തിനു സന്ധ്യയും രംഗത്തുവന്നു. ഇടതു മുന്നണിയുടെ ക്ലിഫ് ഹൗസ് ഉപരോധത്തെ ഒറ്റയ്ക്കു വെല്ലുവിളിച്ചു വാർത്താതാരമായ വീട്ടമ്മയ്ക്ക് ഇനി തെങ്ങുകയറ്റവും വെല്ലുവിളിയല്ല.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പാറശാല നാളികേര ഉൽപാദക ഫെഡറേഷൻ നടത്തിവരുന്ന തെങ്ങുകയറ്റ പരിശീലനത്തിനാണു ജില്ലയിലുടനീളം നിന്നായി അനവധി സ്ത്രീകൾ മുന്നോട്ടുവരുന്നത്. സന്ധ്യയുൾപ്പെടെ 10 സ്ത്രീകൾ കഴിഞ്ഞ ദിവസം ഇവിടെ നിന്നു പരിശീലനം പൂർത്തിയാക്കി.

വീടിനോടുചേർന്നുള്ള പറമ്പിൽ തെങ്ങു കയറാൻ ആളില്ലാതെ വല്ലാതെ വിഷമിച്ചിരുന്നപ്പോഴാണു സന്ധ്യ തെങ്ങുകയറ്റ പരിശീലനത്തെപ്പറ്റി അറിയുന്നതും കോഴ്സിൽ ചേർന്നതും. ആദ്യം അൽപം അമ്പരപ്പ് തോന്നുമെങ്കിലും ഒറ്റദിവസം കൊണ്ടു തന്നെ അതു മാറുമെന്നു സ്ത്രീകൾ.

തുടർന്ന് അനായാസം എത്ര അടി ഉയരത്തിൽ കയറാനും കഴിയും. ആറു ദിവസമാണു പരിശീലനം. ഒപ്പം വിദഗ്ധരുടെ ക്ലാസുകളും ഏറെ ഉപകാരപ്പെട്ടതായി പരിശീലനം പൂർത്തിയാക്കിയ നേമം സ്വദേശിനി കൃഷ്ണവേണി പറഞ്ഞു.

റസിഡന്റ്സ് അസോസിയേഷനിലെ അംഗങ്ങളായ വനിതകളെ തെങ്ങുകയറ്റം പരിശീലിപ്പിക്കാനാണു സന്ധ്യയുടെ അടുത്ത പരിപാടി.

കൂടുതൽ വിവരങ്ങൾക്ക് ഫെഡറേഷൻ ഭാരവാഹികളെ 8129568668, 9447861941 നമ്പറുകളിൽ ബന്ധപ്പെടാം.

വനിതാമുന്നേറ്റം ആകാശത്തോളം; സന്ധ്യ തെങ്ങുകയറ്റവും പഠിച്ചു